**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1547** **01-02-2024 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് മണ്ഡലത്തിലെ പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് മണ്ഡലത്തിലെ ആറാട്ടുപുഴ പഞ്ചായത്തിലെ നിരവധി മത്സ്യത്തൊഴിലാളികൾക്കും തീരദേശവാസികൾക്കും അവർ കൈവശം വച്ചിരിക്കുന്ന/അധിവസിക്കുന്ന സ്ഥലത്തിന് പട്ടയം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇവർക്ക് പട്ടയം ലഭ്യമാക്കാത്തതിനുള്ള സാങ്കേതിക തടസ്സം എന്താണെന്ന് വിശദമാക്കാമോ; | (ബി) | ടി സ്ഥലത്ത് താമസിക്കുന്നവരുടെ കൈവശഭൂമി കായൽ പുറമ്പോക്ക് ഇനത്തിൽപ്പെട്ടതിനാലാണ് അവ പതിച്ചു നൽകാൻ സാധിക്കാത്തത്. |
| (സി) | ഇവർക്ക് പട്ടയം സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | കേരളാ പഞ്ചായത്ത് രാജ് ആക്ട് 1994 വകുപ്പ് 218 പ്രകാരം ജലസ്രോതസ്സുകൾ, കായൽ, നദി, ആറ് മുതലായവയും അവയോട് ചേർന്നുകിടക്കുന്ന സ്വകാര്യ സ്വത്തല്ലാത്ത എല്ലാ ഭൂമിയും പഞ്ചായത്തിൽ നിക്ഷിപ്തവും 1964 ലെ കേരളാ ഭൂമി പതിവ് ചട്ടം 1 A (VI) പ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമായ ഭൂമി പതിച്ചു നൽകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതുമാണ്. ആറാട്ടുപുഴ വില്ലേജിൽ ആറാട്ടുപുഴ പഞ്ചായത്തിൽ വാർഡ് 6,7,8 എന്നിവയിൽപ്പെട്ട 11 കൈവശക്കാരുടെ വിഷയത്തിൽ, കൈവശരേഖ അനുവദിച്ചിരിക്കുന്ന ഭൂമിയിൽ താമസിക്കുന്നവർക്ക് ടി ഭൂമി കൈമാറ്റം ചെയ്യുന്നതൊഴികെ മറ്റൊന്നിനും യാതൊരു തടസ്സവുമില്ല എന്നതിനാലും ജീവന്റെ നിലനിൽപ്പിനാധാരമായ ജലസ്രോതസ്സുകളും, സമീപമുള്ള പുറമ്പോക്ക് ഭൂമിയും കയ്യേറി താമസിക്കുന്നവർക്ക് പട്ടയം അനുവദിക്കുന്നത് ഇത്തരത്തിലുള്ള കയ്യേറ്റം വർദ്ധിപ്പിക്കുന്നതിനും ജലമലിനീകരണത്തിനും ജലസ്രോതസ്സുകളുടെ ശോഷണത്തിനും, പാരിസ്ഥിതിക പ്രശ്നങ്ങൾക്കും കാരണമാകും എന്നതിനാലും ടി 11 പേർക്ക് കൈവശ ഭൂമിയ്ക്ക് പട്ടയം നൽകണമെന്നാവശ്യപ്പെട്ട് നൽകിയിരുന്ന അപേക്ഷ നിരസിച്ച് കൊണ്ട് |

| | | | |
|---|---|---|---|
| | | | 29.12.2020 ലെ സ.ഉ(കൈ) നം. 306/2020/റവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ആറാട്ടുപുഴ പഞ്ചായത്തിലെ കായൽ പുറമ്പോക്ക് പതിച്ചു നൽകുന്ന വിഷയത്തിലുള്ള കേസുകൾ പട്ടയ ഡാഷ് ബോഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി കേസുകളിൽ സർക്കാരിലേക്ക് പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് ജില്ലാ കളക്ടർക്ക് പട്ടയ ഡാഷ് ബോഡ് അദാലത്തിൽ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. പ്രൊപ്പോസലുകൾ ലഭ്യമാക്കി, അർഹരായ അപേക്ഷകർക്ക് സമയബന്ധിതമായി പട്ടയം നൽകുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ